**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2596** **13-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന നടപ്പാക്കുന്ന കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി മുഖേന നടപ്പാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുറ്റ്യാടി ബൈപ്പാസ് പ്രവർത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവർത്തിയുടെ എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ടിന് അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 4 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ടി പ്രവൃത്തിയുടെ സാമൂഹ്യാഘാതപഠന റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിനു അംഗീകാരം ലഭിച്ച ശേഷം 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് Structural Evaluation പൂർത്തീകരിച്ച് Basic Evaluation Report തയ്യാറാക്കേണ്ടതുണ്ട്. ഇതിനു ശേഷം വിശദ വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുണ്ട്. ടി നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഏകദേശം ഒരു വർഷത്തിനകം സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയും. |
| (സി) | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തി എന്നാണ് ടെണ്ടർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച ശേഷം SPV യ്ക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ